**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** **12-02-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ നടപടികൾക്ക് 2024-25 വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച അഞ്ചു കോടി രൂപയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാംഘട്ട നിർമ്മാണത്തിനായുള്ള 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25/01/2025-ന് ഡി6/1738/2024 കത്ത് പ്രകാരം, മലപ്പുറം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ ആസ്ഥാനത്തെ മാസ്റ്റർ പ്രൊജക്റ്റായ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ നടപടികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 10.12.2024നു നൽകിയ പിയു/84/2024/പിഡബ്ല്യുഡി/എംപിഎം നമ്പർ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മലപ്പുറം നിയോജകമണ്ഡലം എം.എൽ.എ.യുടെ കത്ത് ലഭിച്ചിട്ടുള്ളതും കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം ജനറൽ മാനേജരുടെ കാര്യാലയത്തിൽ നിന്നും ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തേണ്ടതായ ആവശ്യകതകൾ അറിയിച്ചതനുസരിച്ച് സിവിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉൾപ്പെടുത്തി 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ